"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ്-കേരള സംസ്ഥാന വയോജന കമ്മീഷന് ഓഫീസ്- പൊതുമേഖലാസ്ഥാപനമായ ഹാൻറക്സിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യനീതി (സി)വകുപ്പ്**

സ.ഉ.(സാധാ) നം.49/2026/SJD തീയതി,തിരുവനന്തപുരം, 10-02-2026

---

പരാമർശം:-

1. 26/08/2025-ലെ G.O.(P)No.12/2025/SJD
2. 29/08/2025-ലെ SRO 983/2025 നമ്പർ വിജ്ഞാപനം
3. കേരള സംസ്ഥാന വയോജന കമ്മീഷൻ സെക്രട്ടറിയുടെ 29/01/2026-ലെ 4/2025/KSEC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2025-ലെ കേരള സംസ്ഥാന വയോജനകമ്മീഷൻ ആക്ടിൻ കീഴിൽ പരാമർശം (1),(2) എന്നിവ പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന വയോജന കമ്മീഷനിൽ , ചെയർപേഴ്സണും, 4 അംഗങ്ങളും 03/09/2025 ന് ചുമതലയേറ്റിരുന്നു. എന്നാൽ ചെയർപേഴ്സണും 4 അംഗങ്ങളും മറ്റു ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന വയോജന കമ്മീഷൻ പ്രവർത്തിക്കുന്നതിനാവശ്യമായ ഓഫീസ് സൗകര്യം ഇതുവരെയും ലഭ്യമായിട്ടില്ലായിരുന്നു.

കേരള സംസ്ഥാന വയോജന കമ്മീഷന് ഓഫീസ് സൗകര്യപ്പെടുത്തുന്നത് സംബന്ധിച്ച് വയോജന കമ്മീഷൻ സെക്രട്ടറി പരാമർശം (3) പ്രകാരം ലഭ്യമാക്കിയ കത്ത് പ്രകാരം ഓവർബ്രിഡ്ജ് - തമ്പാനൂർ റോഡിലുള്ളതും പൊതുമേഖലാസ്ഥാപനമായ ഹാൻറക്സിന്റെ അധീനതയിലുള്ളതുമായ കെട്ടിടത്തിന്റെ ഒന്നാം നില പി.ഡബ്ല്യൂ.ഡി.മുഖേന നിശ്ചയിക്കുന്ന വാടകയ്ക്ക് കമ്മീഷന് നൽകുന്നതിന് ഹാൻറക്സ് തയ്യാറാണെന്നറിയിച്ചിരിക്കുന്നുവെന്നും, അതിനാൽ കമ്മീഷൻ ഓഫീസ് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

കേരള സംസ്ഥാന വയോജനകമ്മീഷൻ നിലവിൽ വന്ന് മാസങ്ങൾ കഴിഞ്ഞിട്ടും ഓഫീസ് സൗകര്യം ലഭ്യമാകാത്ത സാഹചര്യത്തിലും, പൊതുമേഖലാസ്ഥാപനമായ ഹാൻറക്സിന്റെ അധീനതയിലുള്ള ഓവർബ്രിഡ്ജ് - തമ്പാനൂർ റോഡിലുള്ള കെട്ടിടത്തിന്റെ ഒന്നാം നില പൊതുമരാമത്ത് വകുപ്പ് മുഖേന നിശ്ചയിക്കുന്ന വാടകയ്ക്ക് കമ്മീഷന് നൽകുന്നതിന് ഹാൻറക്സ് തയ്യാറാണെന്ന് കമ്മീഷൻ സെക്രട്ടറി അറിയിച്ചിട്ടുള്ള സാഹചര്യത്തിലും കേരള സംസ്ഥാന വയോജനകമ്മീഷൻ ഓഫീസ് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത കെട്ടിടത്തിന്റെ വാടക സംബന്ധിച്ച വിഷയത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUSAN LOPEZ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി,കേരള സംസ്ഥാന വയോജനകമ്മീഷൻ
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം, കേരളം
പൊതുമരാമത്ത് (ഇ) വകുപ്പ്
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Lathika K
[illegible] ഓഫീസർ
Date: 11-02-2026 10:40:36